LIBRARY ARCHIVES Kerala Legislative Assembly

മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളം

163 (828) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ഏതെങ്കിലും വിഭാഗം ജീവനക്കാരുടെ ശമ്പളം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദ മാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ വിവിധ ക്ഷേത്ര ങ്ങളിലെ ജീവനക്കാർക്ക് ശമ്പളം സമയബന്ധിതമായി ലഭിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ക്ഷേത്ര ജീവനക്കാരുടെ ശമ്പളം, ശമ്പള കുടിശ്ശിക എന്നിവ സംബന്ധിച്ച പരാതികൾ മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് രേഖാമൂലമോ ഫോൺ മുഖേനയോ അറിയിക്കാവുന്നതാണെന്ന് കാണിച്ച് 19-6-2014-ൽ പത്രക്കുറിപ്പ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ പരാതികളിൽ നടപടികൾ സ്വീകരിക്കുന്നതിന് സ്പെഷ്യൽ ടീമിനെത്തന്നെ നിയോഗിക്കുകയും സ്പെഷ്യൽ ടീം ആവശ്യമായ സന്ദർഭങ്ങളിൽ ക്ഷേത്രപരിശോധന നടത്തിയും കണക്കുകൾ പരിശോധിച്ചും അസിസ്റ്റന്റ് കമ്മീഷണർമാർക്കും, എക്സിക്യൂട്ടീവ് ഓഫീസർമാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയും 90% ലേറെ പരാതികളിൽ പരിഹാരം കാണുക യുണ്ടായിട്ടുണ്ട്. വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെയും നിയമപരമായ പ്രശ്നങ്ങളുള്ള ക്ഷേത്രങ്ങളിലെയും വിഷയങ്ങൾ പ്രത്യേകം പരിശോധിച്ച് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ക്ഷേത്രക്കുളങ്ങളുടെ നവീകരണം

164 (829) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ദേവസ്വം വക ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്ത മാക്കാമോ ;